⇨ *ഉയർന്ന പകർച്ചശേഷിയും ചികിത്സിക്കാൻ ബുദ്ധിമുട്ടുമുള്ള ഈ രോഗബാധ എങ്ങനെയാണ് തടയപ്പെട്ടത്?* ⇨

# വാക്സിനേഷൻ നിയമം മൂലം നിർബന്ധിതമാക്കാനുള്ള സർക്കാർ നീക്കം ജനങ്ങളോടുള്ള വെല്ലുവിളി

മലപ്പുറം ജില്ലയിൽ ഡിഫ്ത്തീരിയ രോഗബാധയിൽ രണ്ടുകുട്ടികൾ മരിച്ചസംഭവം ഉയർത്തികാണിച്ച്; കേരളത്തിലെ മുഴുവൻ കുട്ടികൾക്കും വാക്സിനേഷൻ നിയമം മൂലം നിർബന്ധിതമാക്കാനും, ഈ നീക്കത്തെ ശാസ്ത്രീയ-മനുഷ്യാവകാശ കാരണങ്ങളാൽ ജനാധിപത്യപരമായി എതിർക്കുന്നവരെയും തങ്ങളുടെ കുട്ടികൾക്ക് സുരക്ഷിതമാണെന്ന് ഉറപ്പില്ലാത്ത വാക്സിൻ കൊടുക്കാൻ വിസമ്മതിക്കുന്നവർക്കെതിരെയും ക്രിമിനൽ നടപടി സ്വീകരിക്കുന്നതിനുമുള്ള നീക്കത്തെ ചെറുക്കണം. ആരോഗ്യവകുപ്പിൽ നിന്നും ലഭിച്ച കണക്കുകൾ തന്നെ ചൂണ്ടികാണിക്കുന്നത് മുൻവർഷങ്ങളിലും ഡിഫ്ത്തീരിയ അടക്കമുള്ള പകർച്ചവ്യാധികൾ കേരളത്തിൽ തിരിച്ചുവരുന്നു എന്നുതന്നെയാണ്. ഇതിൽ പൂർണ്ണമായും പ്രതിരോധ കുത്തിവെയ്പെടുത്ത കുട്ടികളും ഉൾപ്പെടുന്നു. മലപ്പുറം ജില്ലയിലെ പ്രതിരോധ കുത്തിവയ്പെടുക്കാത്ത കുട്ടികൾ മാത്രമല്ല, തിരുവനന്തപുരവും കോഴിക്കോടും എറണാകുളത്തുമുള്ള കുത്തിവയ്പ്പെടുത്ത കുട്ടികളും ഇതിൽ ഉൾപ്പെടുന്നുണ്ട്. ശിശുജനസംഖ്യകൂടുതലുള്ളതും ജനകീയ ആരോഗ്യപ്രവർത്തകരുടെ ശക്തമായ സാന്നിദ്ധ്യവുമുള്ളതുമായ മലപ്പുറം ജില്ലയിലെ പ്രതിരോധമരുന്ന് ഉപയോഗത്തിലെ കുറവു ചൂണ്ടിക്കാട്ടി മിഷൻ ഇന്ദ്രധനുസ് അടക്കമുള്ള കേന്ദ്രഫണ്ട് തുടർവർഷങ്ങളിലും ലഭ്യമാക്കുന്നതിനും, വാക്സിൻ കമ്പനിയ്ക്ക് അനുകൂലമായ അന്തരീക്ഷമുണ്ടാക്കാനും ശ്രമിക്കുകയാണ് ആരോഗ്യവകുപ്പ് ഇപ്പോഴത്തെ പ്രചരണങ്ങളിലൂടെ ചെയ്യുന്നത്. മലപ്പുറത്ത് മരണം സംഭവിച്ച കുട്ടി താമസിച്ചിരുന്ന അതേ ഹോസ്റ്റലിലുള്ള, സമാനരോഗ ലക്ഷണങ്ങൾ കാട്ടിയ വാക്സിൻ ഉപയോഗിക്കാത്ത ബാക്കികുട്ടികളുടെ രോഗം എന്തായിരുന്നു? വാക്സിൻ ഉപയോഗിക്കാത്തത് മാത്രമാണ് രോഗബാധയ്ക്ക് കാരണമെങ്കിൽ, ഉയർന്ന പകർച്ചശേഷിയും ചികിത്സിക്കാൻ ബുദ്ധിമുട്ടുമുള്ള ഈ രോഗബാധ എങ്ങനെയാണ് തടയപ്പെട്ടത്?

വാക്സിൻ ഉപയോഗം നിയമം മൂലം നിർബന്ധമാക്കി കുത്തക മരുന്നുകളുടെ ലാഭം വർദ്ധിപ്പിക്കാൻ ആഗോളതലത്തിൽ തന്നെ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഗ്ലോബൽ അലയൻസ് ഫോർ വാക്സിൻ ദ ഇമ്മ്യൂണൈസേഷൻ (GAVI) എന്ന സംഘടനയടക്കം ഇതിനുവേണ്ടി ശക്തമായി രംഗത്തുണ്ട്. ഇത്തരം താത്പര്യങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായേ ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും (IMA) ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സും (IAP) നടത്തുന്ന പ്രസ്താവനകളേയും പ്രവർത്തനങ്ങളേയും കാണാൻ കഴിയുകയുള്ളു. സംസ്ഥാനത്ത് ഓരോ വർഷവും രേഖപ്പെടുത്തുന്ന വാക്സിൻ അനുബന്ധ പാർശ്വഫലങ്ങളുടെയും അപകടങ്ങളുടേയും എണ്ണം കൂടിക്കൊണ്ടിരിക്കുമ്പോഴും അത് ജനങ്ങളിൽ നിന്ന് മറച്ചുവച്ച് വാക്സിൻ പൂർണ്ണമായി സുരക്ഷിതമാണെന്ന നിലപാട് ആവർത്തിക്കുകയാണ് ആരോഗ്യവകുപ്പ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ വാക്സിൻ അനുകൂല ഡോക്ടർമാരുടെ സംഘടനകൾ ചെലുത്തുന്ന സമ്മർദ്ദത്തിനു വഴങ്ങി സ്കൂൾ അഡ്മിഷനും മറ്റും വാക്സിനേഷൻ നിയമപരമായി നിർബന്ധമാക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെടുന്നതിനോടൊപ്പം താഴെപറയുന്ന ആവശ്യങ്ങൾകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. തെരഞ്ഞെടുക്കാനും ബഹിഷ്ക്കരിക്കാനുമുള്ള ജനാധിപത്യപരമായ അവകാശവും സ്വതന്ത്ര്യവും വാക്സിന്റെ കാര്യത്തിലും നിലനിറുത്തുക.
2. വാക്സിൻ ഉപയോഗിക്കാൻ തീരുമാനിക്കുന്ന ഓരോ വ്യക്തിക്കും ആളിൽ ഉപയോഗിച്ച മരുന്ന്, അതിന്റെ വിശദാംശങ്ങൾ (നിർമ്മാണ തീയതി, ഘടകങ്ങൾ, കമ്പനിയുടെ പേര് മേൽവിലാസം, പ്രതീക്ഷിക്കാവുന്ന പാർശ്വഫലങ്ങൾ) മരുന്നു ഉപയോഗിക്കുന്നതിനു മുൻപ് തന്നെ പരിശോധിച്ച ഡോക്ടറുടെ പേര്, മേൽവിലാസം എന്നിവ രേഖാമൂലം നൽകുക.
3. വാക്സിൻ കോടതികൾ സ്ഥാപിച്ച് നിലവിൽ കേരളത്തിലെ വിവിധ കോടതികളിൽ നിലനിൽക്കുന്ന വാക്സിൻ അനുബന്ധ കേസുകൾ വിചാരണ വേഗത്തിലാക്കി നഷ്ടപരിഹാരം അനുവദിക്കുക.
4. വാക്സിൻ എടുത്തിട്ടില്ലയെന്ന കാരണത്താൽ ചികിത്സ നിഷേധിക്കുകയും വാക്സിൻ എടുക്കാൻ നിർബന്ധിക്കുകയും ചെയ്യുന്ന ഡോക്ടർമാർക്കും മേലുദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടികൽ സ്വീകരിക്കുക.
5. ഡിഫ്ത്തീരീയ ബാധിച്ച് മരിച്ച കുട്ടികളുടെ ബന്ധുക്കൾക്ക് അടിയന്തരമായി സഹായം നൽകുക. ഡൽഹിയിൽ നിന്ന് മരുന്ന് എത്തിച്ചതിന്റെ ചിലവ് തിരികെ നൽകുക.

വാക്സിൻ അപകടങ്ങളും അശാസ്ത്രീയതയും ചൂണ്ടിക്കാട്ടി ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളേയും വ്യക്തികളെയും ഏകോപിച്ച്, വാക്സിൻ സ്വീകരിച്ചിട്ടില്ലാത്ത കുട്ടികളുടെയും രക്ഷകർത്താക്കളുടെയും ഒരു കൺവെൻഷൻ മലപ്പുറം ജില്ലയിൽ ഡിസംബർ ആദ്യവാരത്തിൽ നടത്താൻ ജനകീയ-ആരോഗ്യ പ്രവർത്തകരുടെ സംസ്ഥാന കൂട്ടായ്മ തീരുമാനിച്ചിട്ടുണ്ട്.

**ഡോ. ഹരി.പി.ജി (ആരോഗ്യ ജാഗ്രത) 9497644147, ഡോ. പി.എ. കരിം, ഖദീജനർഗ്ഗീസ് ടീച്ചർ (കേരള ജൈവകർഷക സമിതി), അനിത ഇ.എ. (വയനാട് മനുഷ്യാവകാശ സാംസ്കാരിക വേദി), അബ്ദുൾ ലത്തീഫ് (ജനാരോഗ്യ പ്രസ്ഥാനം).** ■